"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - പാലക്കാട് ജില്ല - ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് - എരിമയൂർ ഗ്രാമപഞ്ചായത്ത് - മലക്കാട് ചെറുപുളച്ചി കുളിയാട് റോഡ് പ്രവൃത്തി - കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.13/2026/DMD തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 190/2025/ഡി.എം.ഡി. തീയതി, 29.03.2025
2. പാലക്കാട് ജില്ലാകളക്ടറുടെ 03.11.2025 ലെ DCPKD/9749/2025-J7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിൽ എരിമയൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട മലക്കാട് ചെറുപുളച്ചി കുളിയാട് റോഡ് പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ അപാകതകൾ പരിഹരിച്ച് പുതുക്കിയ എസ്റ്റിമേറ്റും അനുബന്ധരേഖകളും സമർപ്പിക്കാനുണ്ടായ കാലതാമസം കാരണം പ്രവൃത്തി കരാറിലേർപ്പെടാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ടി റോഡ് പ്രവൃത്തിയുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് ഭരണാനുമതി നൽകിയിരുന്ന പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിൽ എരിമയൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട മലക്കാട് ചെറുപുളച്ചി കുളിയാട് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധിയിൽ മാറ്റം വരാതെ, ഇനി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുകയയില്ല എന്ന വ്യവസ്ഥയിൽ, ടി ഉത്തരവ് തീയതി മുതൽ 2 മാസം കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/207/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 05-01-2026 11:53:54

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.